## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.7337** **16.07.2012-ൽ മറുപടിക്ക്**

### എച്ച്.ആർ., സി.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. മുരളീധരൻ | | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ). | പൊതുമരാമത്തു വകുപ്പിൽ പത്ത് വർഷത്തിലധികമായി എച്ച്.ആർ., സി.എൽ.ആർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ട്; | (എ). | എച്ച്.ആർ., സി.എൽ.ആർ തസ്തികകളിൽ ജോലി ചെയ്യുന്നവർ തുടർച്ചയായി ജോലി ചെയ്യുന്നവർ അല്ല. ഇവർ ദിവസവേതനക്കാരാണ്. ജോലി ചെയ്ത ദിവസം കണക്കാക്കി യാണ് ഇവർ വേതനം കൈപ്പറ്റുന്നത്. ആയതിനാൽ 10 വർഷത്തിലേറെ യായി തുടർച്ചയായി ജോലി ചെയ്യുന്നവരുടെ കണക്കെടുക്കുന്നത് പ്രായോഗികമല്ല. |
| (ബി). | ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്ത ണം എന്നപേക്ഷിച്ച കൊണ്ടുള്ള നിവേദനത്തിൽ എന്ത് നടപടി യാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി). | നിവേദനം പരിശോധിച്ച വരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (സി). | ഏത് കാലയളവ് മുതൽ ജോലി ചെയ്ത സി.എൽ.ആർ. ജീവനക്കാരെ ഇതിനകം സ്ഥിരപ്പെടുത്തിയിട്ടുണ്ട്; | (സി). | 19.05.1983-നും അതിനു മുമ്പും ജോലി ചെയ്ത സി.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്തി യിട്ടുണ്ട്. |
| (ഡി). | ഇനിയും താൽക്കാലികാടിസ്ഥാന ത്തിൽ ജോലി ചെയ്യുന്ന എച്ച്.ആർ., സി.എൽ.ആർ ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി). | ഈ ആവശ്യം ഉന്നയിച്ച് സമർപ്പിച്ച നിവേദനം പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ